**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5209** **02-11-2021 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ നീതി വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന സാമൂഹിക അസമത്വങ്ങൾക്കെതിരെ കൂടുതൽ ജാഗ്രതയോടെയുള്ള പ്രവർത്തനങ്ങൾക്കായി വകുപ്പിന് കീഴിൽ പുതിയ പദ്ധതികൾ ആരംഭിക്കുമോ; വിശദമാക്കുമോ; | (എ) | (എ) സാമൂഹ്യ അസമത്വങ്ങൾക്കെതിരെ സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ മുഖേന നിരവധിയായ പദ്ധതികൾ ആവിഷ്കരിച്ച് ഫലപ്രദമായി നടപ്പിലാക്കി വരുന്നുണ്ട്. ഇത് സംബന്ധിച്ച് പുതിയ പദ്ധതികളൊന്നും പരിഗണനയിലില്ല. |
| (ബി) | സാമൂഹ്യ സുരക്ഷാ മിഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ നടപ്പാക്കുന്ന പുതിയ പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | (ബി) | (ബി) സാമൂഹ്യ സുരക്ഷ മിഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. പുതിയതായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. 1) ആങ്കൈലോസിംഗ് സ്പോണ്ടിലൈറ്റിസ്, മൾട്ടിപ്പിൾ സ്ക്ലീറോസിസ് എന്നിവ മൂലം ഉണ്ടാകുന്ന വൈകല്യം തടയുന്നതിനുള്ള പദ്ധതി - ശരീരത്തിലെ നട്ടെല്ലിനേയും സന്ധികളെയും പ്രധാനമായി ബാധിക്കുന്ന ഒരു തരം ആർത്രൈറ്റിസ് ആണ് Ankylosing Spondylitis (AS). ഈ രോഗം പ്രധാനമായും യുവതലമുറയെ യാണ് ബാധിക്കുന്നത്. ഈ രണ്ടു രോഗങ്ങൾ മൂലം ഉണ്ടാകുന്ന വൈകല്യം പ്രതിരോധിക്കുന്നതിനും ചികിത്സി ക്കുന്നതിനും വേണ്ടി ഒരു സമഗ്രമായ പദ്ധതി കൊണ്ടുവന്നിട്ടുണ്ട്. ഇതിലൂടെ ആരോഗ്യ സംരക്ഷണ രംഗത്തെ പ്രൊഫഷണലുകളിലും പൊതുജനങ്ങളിലും Ankylosing Spondylitis (AS) നെ കുറിച്ചുള്ള അവബോധം വർധിപ്പിക്കുന്നതിനും നേരത്തെ തന്നെ രോഗം നിർണ്ണയിക്കുവാനും ചികിത്സ നൽകുവാനും കഴിയുന്നുണ്ട്. 2) സെറിബ്രൽ പാൾസി ബാധിതരായ കുട്ടികൾക്കുള്ള സമഗ്ര പദ്ധതി - നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ മുഖേന സെറിബ്രൽ പാൾസി ബാധിതരായ കുട്ടികൾക്കുള്ള സമഗ്ര പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ